കേരള സർക്കാർ
ലൈഫ് മിഷൻ
Livelihood Inclusion and Financial Empowerment
2nd Floor, PTC Towers, S.S Kovil Road, Thampanoor, Thiruvananthapuram
Website : www.lifemission.kerala.gov.in, E-mail : lifemissionkerala@gmail.com

LF/7584/Family meet/2019 തീയതി – 03.12.2019

# ലൈഫ് സമ്പൂർണ്ണ പാർപ്പിട പദ്ധതി

## ഗുണഭോക്താക്കളുടെ കുടുംബസംഗമം, അദാലത്ത്

## മാർഗ്ഗരേഖ

I. ലൈഫ് മിഷൻ പദ്ധതി പ്രകാരം കേരളത്തിൽ വീട് നിർമ്മാണം പൂർത്തിയാക്കിയ ഗുണഭോക്താക്കളുടെ കുടുംബസംഗമങ്ങൾ സംഘടിപ്പിക്കുന്നു. ലൈഫ് മിഷന്റെ ഒന്നും രണ്ടും ഘട്ടങ്ങളിലായി 2 ലക്ഷം വീടുകളുടെ നിർമ്മാണം ഡിസംബർ 31 നകം പൂർത്തീകരിക്കുന്നതിനാണ് മിഷൻ ലക്ഷ്യമിട്ടിട്ടുള്ളത്. സർക്കാർ കൈവരിക്കുന്ന ഈ നേട്ടത്തിന്റെ ഭാഗമായി എല്ലാ ജില്ലകളിലും ഭവനങ്ങൾ പൂർത്തിയാക്കിയ ഗുണഭോക്താക്കളെ ഉൾപ്പെടുത്തിയാണ് 2019 ഡിസംബർ 15 മുതൽ 2020 ജനുവരി 15 വരെ കുടുംബ സംഗമങ്ങളും, അദാലത്തും സംഘടിപ്പിക്കുന്നത്. ഇതിനെത്തുടർന്ന് 2020 ജനുവരി 26 ന് സംസ്ഥാനതലത്തിൽ 2 ലക്ഷം വീടുകൾ ലൈഫ് പദ്ധതി പ്രകാരം പൂർത്തിയാക്കിയതിന്റെ പ്രഖ്യാപനം ബഹു. മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ നിർവ്വഹിക്കുന്നതാണ്.

ഡിസംബർ 15 മുതൽ ജനുവരി 15 വരെ ബ്ലോക്ക് തലത്തിലും, മുനിസിപ്പാലിറ്റി തലത്തിലും, കോർപ്പറേഷൻ തലത്തിലും കുടുംബസംഗമങ്ങൾ സംഘടിപ്പിക്കുന്നു. ഇതോടൊപ്പം തന്നെ ലൈഫ് ഗുണഭോക്താക്കളെ സംസ്ഥാന സർക്കാരിന്റെയും കേന്ദ്ര സർക്കാരിന്റെയും വിവിധ ക്ഷേമ പദ്ധതികളിലും സേവനങ്ങളിലും ഉൾപ്പെടുത്തുന്നതിനായി വിവിധ വകുപ്പുതല ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തിക്കൊണ്ട് ബ്ലോക്ക് തലത്തിലും / മുനിസിപ്പാലിറ്റി / കോർപ്പറേഷൻ തലത്തിലും അദാലത്തുകളും ഇതോടൊപ്പം സംഘടിപ്പിക്കുന്നതാണ്. രാവിലെ ബ്ലോക്ക്തല / മിനിസിപ്പാലിറ്റിതല / കോർപ്പറേഷൻതല സംഗമത്തിന്റെ ഉദ്ഘാടനവും തുടർന്ന് വൈകുന്നേരം വരെ അദാലത്തുമാണ് സംഘടിപ്പിക്കുന്നത്.

ബ്ലോക്കതലത്തിൽ നടക്കുന്ന സംഗമങ്ങളുടെ സംസ്ഥാനതല ഉദ്ഘാടനം ബഹു. തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി ശ്രീ. എ.സി. മൊയ്തീൻ നിർവ്വഹിക്കുന്നതായിരിക്കും. ബ്ലോക്കതല കുടുംബ സംഗമങ്ങളുടെ തുടർച്ചയായി ജില്ലാതല സംഗമങ്ങൾ സംഘടിപ്പിക്കുന്നതും ജില്ലകളുടെ ചാർജ്ജുള്ള മന്ത്രിമാർ ജില്ലാതലത്തിൽ ഭവന നിർമ്മാണം പൂർത്തീകരിച്ചതിന്റെ പ്രഖ്യാപനവും നടത്തുന്നതുമാണ്.

II. **സംസ്ഥാനതല യോഗം**

സംസ്ഥാനതലത്തിൽ തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി രക്ഷാധികാരിയായും, തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി ചെയർമാനായും, പ്രിൻസിപ്പൽ സെക്രട്ടറി, നവകേരളം കർമ്മപദ്ധതി കോർഡിനേറ്റർ, സംസ്ഥാന സർക്കാരിന്റെ വികസന ഉപദേഷ്ടാവ് എന്നിവർ വൈസ് ചെയർമാൻമാരും ലൈഫ് മിഷൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ കൺവീനറായും ബന്ധപ്പെട്ട വകുപ്പ് സെക്രട്ടറിമാരും വകുപ്പ് അദ്ധ്യക്ഷൻമാരും അംഗങ്ങളായിട്ടുള്ള സംസ്ഥാനതല സമിതി രൂപീകരിച്ച് സംഗമം / അദാലത്ത് സംഘടിപ്പിക്കുന്നത് സംബന്ധിച്ച തീരുമാനങ്ങൾ കൈക്കൊള്ളേണ്ടതാണ്.

## III. ജില്ലാതല യോഗം

ജില്ലകളിൽ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ്, ജില്ലാ കളക്ടർ എന്നിവർ ചേർന്ന് ബ്ലോക്ക് പഞ്ചായത്ത് / മുൻസിപ്പൽ / കോർപ്പറേഷൻ അദ്ധ്യക്ഷൻമാരുടെയും ജില്ലാതല ഉദ്യോഗസ്ഥൻമാരുടെയും യോഗങ്ങൾ ജില്ലയുടെ ചുമതലയുള്ള ബഹു. മന്ത്രിയുടെ അദ്ധ്യക്ഷതയിൽ വിളിച്ച് ചേർത്ത് ജില്ലയിലെ സംഗമങ്ങൾ സംബന്ധിച്ചുള്ള രൂപരേഖ തയ്യാറാക്കേണ്ടതാണ്. യോഗം വിളിച്ച് ചേർക്കുന്നതിന് ലൈഫ് മിഷൻ ജില്ലാകോർഡിനേറ്റർമാർ, ദാരിദ്ര ലഘൂകരണ പ്രൊജക്ട് ഡയറക്ടർമാരും ജില്ലാകളക്ടർമാരെ സഹായിക്കേണ്ടതാണ്.

## IV. ബ്ലോക്ക്തല യോഗം

ബ്ലോക്ക്തലത്തിൽ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ്, ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി എന്നിവർ ചേർന്ന് ബന്ധപ്പെട്ട പഞ്ചായത്ത് പ്രസിഡന്റ്മാർ, സെക്രട്ടറിമാർ, കുടുംബശ്രീ പ്രതിനിധികൾ, സന്നദ്ധ പ്രവർത്തർ, വിവിധ സ്ഥാപനങ്ങളുടെ പ്രതിനിധികൾ, വകുപ്പുതല ഉദ്യോഗസ്ഥർ, നിർവ്വഹണ ഉദ്യേഗസ്ഥർ, രാഷ്ട്രീയ പാർട്ടി പ്രതിനിധികൾ എന്നിവരുടെ യോഗം വിളിച്ചുകൂട്ടി ബ്ലോക്ക്തല സംഗമം / അദാലത്ത് സംഘടിപ്പിക്കുന്നത് സംബന്ധിച്ച തീരുമാനങ്ങൾ കൈക്കൊള്ളേണ്ടതാണ്.

## V. സംസ്ഥാന / ജില്ലാ/ബ്ലോക്ക് /മുൻസിപ്പൽ/കോർപ്പറേഷൻ സംഘാടക സമിതികൾ

സംസ്ഥാന / ജില്ലാ/ബ്ലോക്ക്/മുൻസിപ്പൽ/കോർപ്പറേഷൻ തലങ്ങളിൽ ഡിസംബർ 10 ന് മുമ്പായി സംഘാടക സമിതികൾ രൂപീകരിക്കേണ്ടതാണ്. സംസ്ഥാനതല സംഘാടക സമിതി രൂപീകരണത്തിന്റെ ചുമതല ലൈഫ് മിഷൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർക്കും ജില്ലാതലത്തിൽ ജില്ലാ കളക്ടർമാർക്കും ബ്ലോക്ക് തലത്തിൽ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിക്കും മുനിസിപ്പാലിറ്റി / കോർപ്പറേഷൻ തലത്തിൽ മുൻസിപ്പൽ / കോർപ്പറേഷൻ സെക്രട്ടറിമാർക്കുമായിരിക്കും. ജില്ലാ / ബ്ലോക്ക് / മിൻസിപ്പൽ / കോർപ്പറേഷൻതല സംഘാടകസമിതി രൂപീകരണത്തിന്റെ മേൽനോട്ട ചുമതല ലൈഫ് ജില്ലാ മിഷൻ കോർഡിനേറ്റർമാർക്കും, ദാരിദ്ര ലഘൂകരണ വിഭാഗം പ്രോജക്ട് ഡയറക്ടർക്കുമായിരിക്കും.

സംഘാടക സമിതി രൂപീകരണ യോഗങ്ങളിൽ ബന്ധപ്പെട്ട എം.പി, എം.എൽ.എ ഗ്രാമ/ ബ്ലോക്ക്/ജില്ലാ പഞ്ചായത്ത്/ കോർപ്പറേഷൻ / മുൻസിപ്പൽ വാർഡുകളിലെ ജനപ്രധിനിധികളേയും തദ്ദേശസ്വയംഭരണ സ്ഥാപന സെക്രട്ടറിമാർ, നിർവ്വഹണ ഉദ്യോഗസ്ഥർ, വിവിധ വകുപ്പുകളിലെ ഉദ്യോഗസ്ഥർ, കുടുംബശ്രീ, രാഷ്ട്രീയ പാർട്ടി പ്രതിനിധികൾ എന്നിവരേയും പങ്കെടുപ്പിക്കേണ്ടതാണ്. ജില്ലാതലത്തിൽ ജില്ലയുടെ ചുമതലയുള്ള ബഹു. മന്ത്രി രക്ഷാധികാരിയും, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ചെയർമാനും, ജില്ലാ കളക്ടർ കൺവീനറും, ജില്ലാ പഞ്ചായത്ത് സെക്രട്ടറി ജോയിന്റ് കൺവീനറും, ബ്ലോക്ക് തലത്തിൽ ബന്ധപ്പെട്ട എം.എൽ.എ രക്ഷാധികാരിയും ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ചെയർമാനും, ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി കൺവീനറായും, ബന്ധപ്പെട്ട ഗ്രാമ പഞ്ചായത്ത് പ്രസിഡന്റുമാർ അംഗങ്ങളായും സംഘാടക സമിതി രൂപീകരിക്കേണ്ടതാണ്.

## VI. ബ്ലോക്ക് / മുനിസിപ്പാലിറ്റി / കോർപ്പറേഷൻതല സംഗമം / അദാലത്തിൽ പങ്കെടുക്കേണ്ടവർ

ലൈഫ് 1,2 ഘട്ടങ്ങളിലും പി.എം.എ.വൈ – ലൈഫ് (നഗരം,ഗ്രാമം) പദ്ധതികൾ പ്രകാരം കഴിഞ്ഞ രണ്ടു വർഷങ്ങൾ കൊണ്ട് ഭവനങ്ങൾ പൂർത്തിയാക്കിയ ഗുണഭോക്തൃ കുടുംബങ്ങളെ ഉൾപ്പെടുത്തി ബ്ലോക്ക് തലത്തിലും നഗരസഭ/കോർപ്പറേഷൻ തലത്തിലുമാണ് സംഗമങ്ങൾ / അദാലത്ത് സംഘടിപ്പിക്കേണ്ടത്. സംഗമ പരിധിയിലെ പഞ്ചായത്ത് / മുനിസിപ്പൽ / കോർപ്പറേഷൻ അംഗം മുതൽ പാർലമെന്റ് അംഗംവരെയുള്ള എല്ലാ ജനപ്രതിനിധികളും,

വിവിധ വകുപ്പുകളിലെ ഉദ്യോഗസ്ഥരും, പദ്ധതിയിൽ ഉൾപ്പെട്ട സന്നദ്ധ പ്രവർത്തകരും, സ്ഥാപനങ്ങളുടെ പ്രതിനിധികളും, കുടുംബശ്രീ പ്രതിനിധികളും ആണ് സംഗമത്തിലെ മറ്റു പങ്കാളികൾ.

## VII. ജില്ലാതല സംഗമത്തിൽ പങ്കെടുക്കേണ്ടവർ

ജില്ലയിലെ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേയും ജനപ്രതിനിധികൾ, സെക്രട്ടറിമാർ, നിർവ്വഹണ ഉദ്യോഗസ്ഥർ, തിരഞ്ഞെടുക്കപ്പെട്ട ഗുണഭോക്താക്കൾ ( ഓരോ ഗ്രാമപഞ്ചായത്ത് / മുനിസിപ്പാലിറ്റി / കോർപ്പറേഷൻ വാർഡിൽ നിന്നും ഓരോ ഗുണഭോക്താവ്). ഈ ജില്ലാ സംഗമത്തിൽ വച്ച് മികച്ച പ്രകടനം കാഴ്ചവച്ച തദ്ദേശസ്വയംഭരണ സ്ഥാപനത്തിനും, നിർവ്വഹണ ഉദ്യോഗസ്ഥർക്കും ഉപഹാരം നൽകേണ്ടതാണ്.

## VIII. സംഘാടനം

1. സംഘാടക സമിതിയിൽ നിന്നും വിവിധ സബ്കമ്മറ്റികൾ രൂപീകരിക്കേണ്ടതാണ്.

2. ജില്ലാ / ബ്ലോക്ക് തല കുടുംബസംഗമങ്ങൾ 2019 ഡിസംബർ 15 മുതൽ 2020 ജനുവരി 15 വരെയുള്ള കാലയളവിനുള്ളിൽ സംഘടിപ്പിക്കേണ്ടതാണ്.

3. വിപുലമായ പ്രചാരണ പരിപാടികൾ സംഘടിപ്പിക്കണം. ( ഇതിലേക്കായി വാർഡു മെമ്പർമാരുടെ നേതൃത്വത്തിൽ ഗുണഭോക്താക്കളുടെ ഭവന സന്ദർശനം ഉൾപ്പെടെയുള്ള പരിപാടികൾ വാർഡ് തലത്തിൽ ആസൂത്രണം ചെയ്യേണ്ടതാണ്. പോസ്റ്റർ, നോട്ടീസ്, ബാനർ, മൈക്ക് പബ്ലിസിറ്റി, പത്രമാധ്യമങ്ങൾ etc).

4. ഗുണഭോക്താക്കളും കുടുംബങ്ങളും സംഗമത്തിൽ പങ്കെടുക്കുന്നതിനാവശ്യമായ നടപടികൾ തദ്ദേശസ്വയംഭരണ സ്ഥപനങ്ങളും നിർവ്വഹണ ഉദ്യോഗസ്ഥരും കൈക്കൊള്ളേണ്ടതാണ്.

5. സംഗമവും അദാലത്തും സംഘടിപ്പിക്കുന്നതിന് സൗകര്യപ്രദമായ സ്ഥലം കണ്ടെത്തി നടത്തിപ്പിന് ആവശ്യമായ ക്രമീകരണങ്ങൾ ബ്ലോക്ക് പഞ്ചായത്ത്തലത്തിൽ സംഘാടക സമിതി സ്വീകരിക്കേണ്ടതാണ്.

6. സംഗമത്തിലും അദാലത്തിലും പങ്കെടുക്കുന്ന ഗുണഭോക്തൃ കുടുംബങ്ങൾക്ക് ആവശ്യമായ എല്ലാ സൗകര്യങ്ങളും ലഭിക്കുന്നുണ്ടെന്ന് സംഘാടകർ ഉറപ്പ് വരുത്തേണ്ടതാണ്.

7. രജിസ്ട്രേഷൻ കൗണ്ടറിലും വിവിധ വകുപ്പുകളുടെ കൗണ്ടറുകളിലും ആവശ്യത്തിന് ബന്ധപ്പെട്ട വകുപ്പുകളിലെ ഉദ്യോഗസ്ഥർ ഉണ്ടായിരിക്കേണ്ടതും സംഗമത്തിലും അദാലത്തിലും പങ്കെടുക്കുന്നവർക്ക് ആവശ്യമായ സേവനങ്ങൾ ലഭ്യമാക്കുന്നതിന് സംഘാടക സമിതിയും ബന്ധപ്പെട്ട വകുപ്പുകളും പ്രത്യേകം ശ്രദ്ധിക്കേണ്ടതുമാണ്.

8. ജെ.പി.സി, ഡി.ഡി.പി, എ.ഡി.പി, എ.ഡി.സിമാർ തുടങ്ങിയ വിവിധ ജില്ലാതല ഉദ്യോഗസ്ഥർക്ക് ബ്ലോക്ക്തല സംഗമങ്ങളുടെ ചുമതല നൽകേണ്ടതാണ്.

9. അദാലത്തിൽ ലഭിക്കുന്ന അപേക്ഷകൾക്ക് കൈപ്പറ്റ് രസീത് നൽകേണ്ടതും ആയത് ബന്ധപ്പെട്ട വകുപ്പുകളുടെ കൗണ്ടറുകളിലേക്ക് കൃത്യമായി കൈമാറേണ്ടതും അന്ന് തന്നെ നൽകാവുന്ന സേവനങ്ങൾ അന്നുതന്നെ നൽകേണ്ടതും അല്ലാത്ത അപേക്ഷകളിന്മേൽ തുടർനടപടികൾ സ്വീകരിച്ച് അപേക്ഷകനെ വിവരം രേഖാമൂലം അറിയിക്കേണ്ടതുമാണ്.

10. അദാലത്തിൽ ലഭിച്ച അപേക്ഷകൾ, തീർപ്പ് കൽപ്പിച്ച അപേക്ഷകൾ തുടർനടപടി ആവശ്യമായവ എന്നിവയുടെ വിശദ വിവരം അതാത് തലങ്ങളിൽ നിന്നും ലൈഫ് ജില്ല മിഷൻ കോർഡിനേറ്റർമാർക്ക് നൽകേണ്ടതാണ്.

11. ജില്ലാ മിഷൻ കോർഡിമേറ്റർമാർ അവ ക്രോഡീകരിച്ച് ലൈഫ് മിഷൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർക്ക് നൽകേണ്ടതാണ്.

12. ജില്ലാ /ബ്ലോക്ക്തല കുടുംബസംഗമത്തിന്റെ നടത്തിപ്പിനായുള്ള ചെലവ് അനുവാദം സർക്കാർ പ്രത്യക ഉത്തരവായി പുറപ്പെടുവിക്കുന്നതാണ്.

13. ജില്ലാ / ബ്ലോക്ക്തല കുടുംബസംഗമങ്ങളുടെ ഡോക്യുമെന്റേഷൻ അതാത് തലത്തിൽ നടത്തേണ്ടതാണ്.

## IX. സാമൂഹ്യ സുരക്ഷാസേവനങ്ങൾ– വിവിധ വകുപ്പുകളുടെ പങ്കാളിത്തം

ലൈഫ് ഗുണഭോക്താക്കൾക്കും കുടുംബങ്ങൾക്കും വിവിധ സർക്കാർ വകുപ്പുകളിൽ നിന്നും ഏജൻസികളിൽ നിന്നും ലഭ്യമാകേണ്ട വിവിധ സാമൂഹ്യ സുരക്ഷാ സേവനങ്ങൾ കാലതാമസം കൂടാതെ ലഭ്യമാക്കുന്നതിനായി ഓരോ സംഗമ വേദിയിലും വിവിധ വകുപ്പുകളുടേയും ഏജൻസികളുടെയും സ്റ്റാളുകൾ / സഹായകേന്ദ്രങ്ങൾ ഉണ്ടായിരിക്കേണ്ടതാണ്. ഇത്തരത്തിൽ ആരംഭിക്കുന്ന സഹായക കേന്ദ്രങ്ങളിൽ അതാത് വകുപ്പിൽ നിന്നും ആവശ്യത്തിനുള്ള ഉദ്യോഗസ്ഥർ ഉണ്ടായിരിക്കേണ്ടതും സേവനങ്ങൾ സംബന്ധിച്ച വിവരങ്ങൾ ഗുണഭോക്താക്കൾക്ക് നല്കേണ്ടതും സേവനങ്ങൾക്കായുള്ള അപേക്ഷകൾ സ്വീകരിക്കേണ്ടതുമാണ്. സഹായകേന്ദ്രങ്ങൾ ആരംഭിക്കുന്നത് സംബന്ധിച്ച് ബന്ധപ്പെട്ട വകുപ്പ് മേധാവികൾ ജില്ലാതല ഉദ്യോഗസ്ഥർക്ക് നിർദ്ദേശങ്ങൾ നല്കേണ്ടതും ബ്ലോക്ക്തല സംഘാടക സമിതിയുടെ നിർദ്ദേശപ്രകാരം സംഗമ വേദിവിൽ സഹായക കേന്ദ്രങ്ങൾ പ്രവർത്തിപ്പിക്കേണ്ടതുമാണ്.

സംഗമം / അദാലത്തിൽ പങ്കെടുക്കുന്ന വിവിധ വകുപ്പുകളും സേവനങ്ങളും ഇവയാണ്.

| | സേവനം | | വകുപ്പ് |
|---|---|---|---|
| 1. | ആധാർ തിരുത്തൽ | – | IT വകുപ്പ് |
| 2. | ഇലക്ഷൻ തിരിച്ചറിയൽ കാർഡ് | – | IT വകുപ്പ് |
| 3. | ബാങ്ക് അക്കൗണ്ട് | – | ലീഡ് ബാങ്ക് / റീജിയണൽ ബാങ്ക് |
| 4. | റേഷൻ കാർഡ് തിരുത്തൽ | – | സിവിൽ സപ്ലൈസ് |
| 5. | പ്രാധനമന്ത്രി ഉജ്വൽ യോജന | – | ഗ്യാസ് ഏജൻസികൾ |
| 6. | സ്വച്ച് ഭാരത് അഭിയാൻ | – | സാനിറ്റേഷൻ / ശുചിത്വ മിഷൻ |
| 7. | DDUGKY (തൊഴിൽ പരിശീലനം) | – | കുടുംബശ്രീ |
| 8. | തൊഴിൽ കാർഡ് | – | MGNREGS |
| 9. | ചെറുകിട തൊഴിൽ സംരംഭങ്ങൾ, തൊഴിൽ ക്ഷേമനിധി, പെൻഷനുകൾ (വിവിധ ബോർഡുകൾ മുഖേന) | – | വ്യവസായ വകുപ്പ് |
| 10. | മൽത്സ്യ കൃഷി | – | ഫിഷറീസ് |

| | | |
|---|---|---|
| 11. മുള കൃഷി | – | ബാംബൂ കോർപ്പറേഷൻ |
| 12. ഡയറി വകുപ്പ് പദ്ധതികൾ | – | ഡയറി ഡിപ്പാർട്ട്മെന്റ് |
| 13. കൃഷി വകുപ്പ് പദ്ധതികൾ | – | കൃഷി വകുപ്പ് |
| 14. MKSP പദ്ധതികൾ | – | ഗ്രാമവികസന വകുപ്പ് |
| 15. പട്ടികവർഗ്ഗ വകുപ്പ് പദ്ധതികൾ | – | പട്ടിക വർഗ്ഗ വകുപ്പ് |
| 16. പട്ടികജാതി വകുപ്പ് പദ്ധതികൾ | – | പട്ടികജാതി വകുപ്പ് |
| 17. ആരോഗ്യ വകുപ്പ് പദ്ധതികൾ | – | ആരോഗ്യ വകുപ്പ് |
| 18. സാമൂഹ്യക്ഷേമ പദ്ധതികൾ | – | സാമൂഹ്യ നീതി വകുപ്പ്,<br>വനിത ശിശു വികസന വകുപ്പ് |
| 19. റവന്യൂ രേഖകൾ | – | റവന്യൂ വകുപ്പ് |
| 20. സാമൂഹ്യ സുരക്ഷാ പെൻഷൻ | – | പഞ്ചായത്ത് വകുപ്പ് , നഗരകാര്യ വകുപ്പ് |

## X. വിലക്കുറവിൽ നിർമ്മാണ സാമഗ്രികൾ

ലൈഫ് മിഷൻ ഗുണഭോക്താക്കൾക്ക് വൻവിലക്കുറവിൽ പ്രധാന കമ്പനികളുടെ നിർമ്മാണ സാമഗ്രികൾ ഇപ്പോൾ നല്കി വരുന്നുണ്ട്. പൂർത്തീകരിച്ച ഗുണഭോക്താക്കൾക്ക് പെയിന്റ്, ടയിൽസ്, ഇലക്ട്രിക്കൽ ഫിറ്റിംഗ്സ് തുടങ്ങി പല നിർമ്മാണ സാമഗ്രികളും ആവശ്യമായി വരും. വിലക്കുറവിൽ സാധനങ്ങൾ നല്കുന്ന കമ്പനികളുടെ സാധനങ്ങളുടെ പ്രദർശനവും വിതരണവും സംഗമ വേദിയിൽ സജ്ജീകരിക്കാവുന്നതാണ്.

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ

ലൈഫ് മിഷൻ